**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 177** **22-06-2026-ൽ മറുപടിയ്ക്ക്**

**ചെല്ലാനം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശവാസികളുടെ പ്രധാന ആശ്രയമായ ചെല്ലാനം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ (എഫ്.എച്ച്.സി) നിലവിലുള്ള ഭൗതിക സാഹചര്യങ്ങളും കെട്ടിട സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കൊച്ചി ചെല്ലാനം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി Integrated Modern Coastal Fishing village, Chellanam, Ernakulam under PMMSY എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് Emergency Treatment & Rescue Block for Fishermen Community in FHC Chellanam എന്ന പേരിൽ കെട്ടിടം പണിയുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും നിർമ്മാണത്തിന്റെ അവസാനഘട്ട പ്രവൃത്തികൾ നടന്ന് വരികയുമാണ്. പതിനഞ്ചാം ധനകാര്യകമ്മീഷൻ 2023-2024-ൽ കുടുംബാരോഗ്യ കേന്ദ്രം ചെല്ലാനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 143 ലക്ഷം രൂപയും ജനകീയ ആരോഗ്യ കേന്ദ്രത്തിനു 55.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ രണ്ടു പ്രവൃത്തികളും നാഷണൽ ഹെൽത്ത് മിഷൻ മുഖേന കെൽ (KEL) എന്ന ഏജൻസിയെ ഏല്പിച്ചിട്ടുള്ളതും അതിന്റെ പ്ലാനും DPR-ഉം തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**